# യൂണിറ്റ് 8:   ഒപ്പ് രേഖപ്പെടുത്തൽ

ലേഖനങ്ങളുടെ സംവാദം താളുകളിലും ഇതര സംവാദതാളുകളിലും സ്വന്തം കുറിപ്പുകൾക്ക് **ഒപ്പിടുക** എന്നത് നല്ലൊരു വിക്കിമര്യാദയാണ്. കുറിപ്പ് ആരാണിട്ടതെന്ന് മനസ്സിലാക്കാൻ അതു സഹായിക്കും. അതുവഴി കുറിപ്പിട്ടയാളുടെ സംവാദംതാളിലേക്കെളുപ്പമെത്താൻ കഴിയും. നല്ലൊരു വിജ്ഞാനകോശം സൃഷ്ടിക്കാൻ ആശയങ്ങളുടെ കൈമാറ്റം കൂടിയേകഴിയൂ .

ഉപയോക്താവിനേയും അയാളുടെ സേവനങ്ങളേയും തിരിച്ചറിയാനാണ് വിക്കിപീഡിയയിൽ ഒപ്പ് ഉപയോഗിക്കുന്നത്. പേരും സമയവും തിയ്യതിയും കുറിപ്പിനോടൊപ്പം ചേർക്കുന്നത് ചർച്ചകളിൽ മികവ് ഉറപ്പാക്കാൻ സഹായിക്കുന്നു.

**ലേഖനത്തിന്റെയും ഉപയോക്താവിന്റെയും സംവാദം താളുകളിൽ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ, നാലു ടിൽഡെ ~~~~ ചിഹ്നം ഉപയോഗിച്ച് താങ്കളുടെ ഒപ്പ് അടയാളപ്പെടുത്തുക. എന്നാൽ ലേഖനങ്ങൾക്കകത്ത് ഇത്തരത്തിൽ ഒപ്പുവെക്കരുത്.** ലേഖനങ്ങൾ പലരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമാണ്. അവിടെ ഒരാൾ മറ്റൊരാളിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

- ഒപ്പ് രേഖപ്പെടുത്തുന്നത് എങ്ങനെയെന്നും ആവശ്യകതയെന്തെന്നും കൂടുതലായി ഇവിടെ വിശദീകരിച്ചിട്ടുണ്ട്.

---

Register Here

join Here

SCHOOL WIKI HelP DesK

Previous UnitS